# ഈഡിപ്പസിന്റെ വിലാപം
(നാടക ഗാനം)

സിത്താരാ മലകളേ!  അഭയം തരൂ,
ഈ നീച ജന്മത്തിനന്ത്യം തരൂ,
ശപിക്കപ്പെട്ടൊരീ പാപിയെന്റെ-
ജീവനൊന്നെടുത്തുതരൂ.

കുശവന്റെ കൈയ്യിൽ കളിമണ്ണുപോലെ,
മെനയുന്നു ദൈവം മർത്യനെയിവിടെ;
എറിഞ്ഞുടയ്ക്കുന്നു കളിപ്പാവ പോലവൻ,
ശിൽപിയാം ദൈവം തന്റേതൻ ശിൽപം.

ചോദിക്കുവാനെനിക്കവകാശമില്ല,
എങ്കിലും ഞാനൊന്നു ചോദിച്ചോട്ടെ;
തെറ്റെന്തുചെയ്തു ഈ ശാപം പേറാൻ,
മർത്യനായ് തീർന്നതൊയെന്റെ കുറ്റം.

അന്തിച്ചുവപ്പാളുമെന്റെയീ ജീവിതം,
എണ്ണ വറ്റി പടുതിരി കത്തുന്നു,
കാണുന്നു ഞാനീമലയുടെ ശൃംഗത്തിൽ,
അസ്തമയം എന്റെ അസ്തമയം.